എൽ. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

70 [2378] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ:
,, കെ. എൻ. എ. ഖാദർ:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാത്തതുമൂലം എൽ. പി. പഠനത്തിനു ശേഷം കുട്ടികൾ പഠനം നിർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ജില്ലകളിലെങ്കിലും എൽ. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നത്തേക്ക് ഇത് പ്രാവർത്തികമാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പാലക്കാട് ജില്ലയിലെ എൽ. പി./യു. പി. റാങ്ക് ലിസ്റ്റ്

71 [2379] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എൽ. പി./യു. പി. അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള റാങ്ക്ലിസ്റ്റിൽനിന്ന് ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലാവധി തീരാറായ റാങ്ക് ലിസ്റ്റിൽ നിന്നും ജില്ലയിൽ ഒഴിവുള്ള എൽ. പി./യു. പി. തസ്തികയിലേക്ക് അടിയന്തിരമായി നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 73 എണ്ണം.

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തി വരുന്നു.

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് അടിയന്തിരമായി നിയമനം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly